കേരള സർവ്വകലാശാലയിലെ ഭാഷാ വിഷയങ്ങളിലെ പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകളും സ്റ്റാഫും

142 [1552] ശ്രീ. കെ. സി. വേണുഗോപാൽ:
" ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. കെ മോഹനൻകുമാർ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഏതെല്ലാം ഭാഷാ വിഷയങ്ങളിൽ പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സ് നടത്തുന്നുണ്ട്;

(ബി) ഓരോ കോഴ്സിനും എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ട്;

(സി) ഓരോ കോഴ്സും നടത്തുന്ന ഡിപ്പാർട്ട്മെന്റിൽ ഏതെല്ലാം ഗ്രേഡിലുള്ള എത്ര ടീച്ചിംഗ് സ്റ്റാഫും നോൺ ടീച്ചിംഗ് സ്റ്റാഫും ഉണ്ട്;

(ഡി) ഇവർക്കുവേണ്ടി പ്രതിവർഷം എന്തു തുക ചെലവാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാല അറബിക്, ജർമ്മൻ, ഹിന്ദി, ഇംഗ്ലീഷ്, മലയാളം, റഷ്യൻ, സംസ്കൃതം, തമിഴ്, ലിംഗ്വിസ്റ്റിക്സ് എന്നീ ഭാഷാ വിഷയങ്ങളിൽ പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി ആന്റ് സി) ഈ അദ്ധ്യയന വർഷം അഡ്മിഷൻ പൂർത്തിയായിട്ടില്ലാത്തതിനാൽ 2003-2004 അദ്ധ്യയന വർഷത്തിലെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പദ്ധതിയിനത്തിൽ 1,53,369 രൂപയും, പദ്ധതിയേതര ഇനത്തിൽ 1,96,04,263 രൂപയും ചേർത്ത് ആകെ 1,97,57,632 രൂപ പ്രതിവർഷം ചെലവാക്കുന്നുണ്ട്.

ലക്ചറർ തസ്തികയിലേക്കുള്ള നിയമന നടപടികൾക്ക് അംഗീകാരം

143 [1553] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിന് നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രീഡിഗ്രി വേർപ്പെടുത്തൽ നടപടി പൂർത്തീകരിച്ച സാഹചര്യത്തിൽ ലക്ചറർ നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിരോധനം നീക്കി ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) നിലവിൽ എയിഡഡ് കോളേജുകളിൽ ലക്ചറർ തസ്തികയിലേക്കുള്ള നിയമന നടപടികൾക്ക് അംഗീകാരം നൽകുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതുവരെ എത്ര എയിഡഡ് കോളേജുകൾക്ക് ലക്ചറർ നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്;

(എഫ്) ഏതെല്ലാം കോളേജുകൾക്കാണ് നിയമനാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്ന് സർവ്വകലാശാലകളിലും കോളേജുകളിലും ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിന് നിരോധനമേർപ്പെടുത്തിയിരുന്നു. സർക്കാർ കോളേജുകളിൽ ലക്ചറർ നിയമനത്തിന് ഏർപ്പെടുത്തിയിരുന്ന നിരോധനം പിന്നീട് നീക്കി.

(ബി) പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്ന് നിരവധി അദ്ധ്യാപകർ പ്രൈവറ്റ് കോളേജുകളിലും സർവ്വകലാശാലകളിലും അധികമായി വന്നു. അധികമുള്ള അദ്ധ്യാപകരുടെ പുനർവിന്യാസ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിരോധനം നീക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

(ഡി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

144 [1554] ശ്രീ. ഡി. സുഗതൻ:

" ജി. പ്രതാപവർമ്മ തമ്പാൻ:

" എം. മുരളി:

" ജോർജ് ജെ. മാത്യു:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല കഴിഞ്ഞവർഷം മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്ന കോഴ്സിൽ ചേരുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly